ടാലന്റഡ് ബാങ്കേഴ്‌സ് രണ്ടാമത് സംഗമം 2019ലാണ് ആലുവയിൽ നടന്നത്. ആ സംഗമത്തിന്റെ പുതുമ നമ്മുടെ ഗായക ദമ്പതിമാരായ രഞ്ജിനി രഞ്ജിത്ത് കൂട്ടുകെട്ടിന്റെ ഫലമായി പുറത്തുവന്ന ടാലന്റഡ് ബാങ്കേഴ്‌സ് തീം സോങ്ങിന്റെ ആദ്യ അവതരണം ആയിരുന്നു.

ഉദ്ഘാടനത്തിനുശേഷം ഒരു നൃത്താവതരണത്തോടെയാണ് ആ തീം സോങ് അവതരിപ്പിക്കപ്പെട്ടത്. അഞ്ച് നർത്തകിമാരാണ് ആ നൃത്തം വേദിയിൽ അവതരിപ്പിച്ചത്. അതിൽ ഒരാൾ പിന്നീട് ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം പ്രത്യക്ഷമാകുന്നത് മുൻ ടി ബി ദളവും അഭിനേതാവും മിമിക്രി കലാകാരനുമായ തന്റെ ജീവിതപങ്കാളിക്കൊപ്പം മലയാള സിനിമയിലെ സവിശേഷങ്ങളായ നൃത്തങ്ങളുടെയും അഭിനയ മുഹൂർത്തങ്ങളുടെയും മനോഹരങ്ങളായ പുനരാവിഷ്കാരങ്ങളുടെ റീലുകളിലൂടെയാണ്. അഭിനേത്രിയും നർത്തകിയുമായ ആ കലാകാരിയിലൂടെയാണ് ഈയാഴ്ച്ചത്തെ ദളം വിടരുന്നത്.

ചിഞ്ചു എം
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കൊമേർഷ്യൽ ബ്രാഞ്ച്
കൊല്ലം.

കൊല്ലത്തിനടുത്ത് മുട്ടക്കാവ് എന്ന ഗ്രാമത്തിൽ ഒരു സ്വകാര്യ കമ്പനിയിൽ മാനേജർ ആയി ജോലി നോക്കിയിരുന്ന മധുസൂദനൻ പിള്ളയുടെയും തേവന്നൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക ആയിരുന്ന വിജയലക്ഷ്മിയുടെയും രണ്ട് മക്കളിൽ മൂത്തയാളായ ചിഞ്ചുവിന്റെ പ്രാഥമികവിദ്യാഭ്യാസം നെടുമ്പന എൽ പി സ്കൂളിൽ ആയിരുന്നു. സഹോദരി അഞ്ജു ബിരുദാനന്തര ബിരുദവും ബി എഡും കഴിഞ്ഞ് മത്സര പരീക്ഷകളുടെ തയാറെടുപ്പിലാണ്.
സ്കൂൾ കാലഘട്ടത്തിൽ സ്കൂളിലെ കലാമത്സരങ്ങളിൽ സ്ഥിരം സാന്നിദ്ധ്യമായിരുന്നു ചിഞ്ചു.

അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ കൊല്ലം വിമലഹൃദയ സ്കൂളിൽ ഏറെ ദൂരം യാത്ര ചെയ്ത് വന്നിരുന്നത് കൊണ്ടും പഠിത്തത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം എന്ന അച്ഛനമ്മമാരുടെ നിർദേശം അനുസരിച്ചത് കൊണ്ടും ചിഞ്ചു അധികം കലാമത്സരങ്ങളിൽ ഒന്നും പങ്കെടുത്തിരുന്നില്ല.

സ്കൂൾ കാലഘട്ടം കഴിഞ്ഞ് ചിഞ്ചു കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളേജിൽ ഡിഗ്രിക്ക് ചേർന്നു. ഡിഗ്രിക്ക് പഠിക്കുമ്പോൾ തന്നെ ഒരു നല്ല ജോലി നേടണം എന്ന സ്വപ്നം ചിഞ്ചുവിനുള്ളിൽ പൂവിട്ടു.

പഠിത്തം പൂർത്തിയായി ബിരുദാനന്തര ബിരുദത്തിന് പ്രവേശനം ലഭിക്കുമ്പോഴേക്കും ചിഞ്ചു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതും ആദ്യം എഴുതിയ പരീക്ഷയിലൂടെ തന്നെ.

2009 ൽ ജൂനിയർ അസ്സോസിയേറ്റ് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊല്ലം മെയിൻ ശാഖയിൽ ചേർന്ന ചിഞ്ചു പിന്നീട് ആർ എ സി പി സി യിലും കൊട്ടിയം ശാഖയിലും അവിടെ നിന്നും സീനിയർ അസ്സോസിയേറ്റ് ആയി കൊമേർഷ്യൽ ശാഖയിലേക്കും സ്ഥലം മാറ്റപ്പെട്ടു.

2012ൽ ആണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തന്നെ സീനിയർ അസ്സോസിയേറ്റ് ആയ നമ്മുടെ മുൻകാല ദളമായ രാകേഷ് ചിഞ്ചുവിന്റെ ജീവിതപങ്കാളിയാവുന്നത്. തന്റെ ഇഷ്ടങ്ങൾ പൂർണമായി മനസ്സിലാക്കി കൂടെ നിർത്തുന്ന രാകേഷിന്റെ സാന്നിദ്ധ്യം ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യമെന്ന് ചിഞ്ചു.

രാകേഷിനൊപ്പം ബാങ്കും തനിക്കേറെ പിന്തുണയും പ്രോത്സാഹനവും നൽകിയിട്ടുണ്ടെന്ന് ചിഞ്ചു. എല്ലാ വർഷവും ബാങ്കിന്റെ സർഗോത്സവം പരിപാടികളിൽ സ്ഥിരം പങ്കാളിയാവാറുണ്ട് ഈ കലാകാരി.

ബാങ്കിനെപ്പോലെ തന്നെ പ്രിയപ്പെട്ടതാണ് ചിഞ്ചുവിന് ടാലന്റഡ് ബാങ്കേഴ്സും. ആലുവയിലെ മീറ്റിൽ തീം സോങ്ങ് അവതരിപ്പിക്കാൻ കിട്ടിയ അവസരം വലിയ സൗഭാഗ്യമായാണ് ചിഞ്ചു കാണുന്നത്. തുടർന്നുള്ള കൊല്ലം മീറ്റിൽ ഒരു കാഴ്ച്ചക്കാരിയാവാനേ ചിഞ്ചുവിന് കഴിഞ്ഞുള്ളൂ. തുടർന്നുള്ള മീറ്റുകളിൽ കുട്ടികളുടെ ചുമതലകളിൽ പെട്ട് പങ്കെടുക്കാൻ കഴിയാത്ത വിഷമം ഇത്തവണ രാകേഷിനൊപ്പം ഒരു പരിപാടിയിൽ പങ്കെടുത്ത് മാറ്റാനുള്ള തയാറെടുപ്പിലാണ് ചിഞ്ചു.

കഴിഞ്ഞ രണ്ട് വർഷങ്ങളായി ബീധു ദാസ് എന്ന പ്രശസ്ത നർത്തകിക്കൊപ്പം ഋതന്യ കലാക്ഷേത്രയിൽ മകൾക്കൊപ്പം നൃത്തപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചിഞ്ചു മകൾക്കൊപ്പം 21ന് ഗുരുവായൂർ തിരുനടയിൽ അരങ്ങേറ്റം നടത്തിയതിന്റെ ആഹ്ലാദത്തിലും അഭിമാനത്തിലും ആണിപ്പോൾ.

അടുത്തിടെ രാകേഷിനൊപ്പം മലയാളസിനിമകളിലെ മികച്ച അഭിനയമുഹൂർത്തങ്ങൾ റീലുകളിൽ പുനരാവിഷ്കരിച്ച് കൊണ്ട് ചിഞ്ചു ഏറെ ശ്രദ്ധ നേടിയിരിക്കുകയാണ്.

ആറാം ക്ലാസ്സ് വിദ്യാർത്ഥിനിയായ പാർവണ ആർ നായർ, എൽ കെ ജി വിദ്യാർത്ഥിയായ പാർഥിവ് ആർ നായർ എന്നിവരുൾപ്പെട്ട കുടുംബം കൊല്ലം ജില്ലയിൽ കൊട്ടിയത്തി നടുത്ത് പേരയത്താണ് സ്ഥിരതാമസം.

വരും കാലങ്ങളിൽ കൂടുതൽ അഭിനയമുഹൂർത്തങ്ങളും റീലുകളുമായി ചിഞ്ചു സജീവമാകട്ടെ എന്ന് ടി ബി കുടുംബം സ്നേഹപൂർവ്വം ആശംസിക്കുന്നു.

--------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapnaraj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല
----------------------------------------------------------------------------------------------------

The second meeting of Talented Bankers unleashed in the year 2019 and the gathering was a quintessential one, for it witnessed the unveiling of the Talented Bankers' theme song born from the musical camaraderie of the duo, Ranjini and Ranjith.

The theme song was presented alongside a dance performance by five artistes following the inauguration.

Among them, after a significant time, re-emerged into the limelight, the multifaceted banker, alongside her life partner who is an actor, and a gifted mimicry artist.Through reels they enchanted the audience, enacting scenes and captivating dance performances from movies.

It is about this very exceptionally talented artiste, that we would like to present before you this week.

Chinchu M,
State Bank of India,
Commercial Branch,
Kollam.

Chinchu was born in the village of Muttakkavu, located near Kollam. She is the elder daughter of Mr Madhusoodanan Pillai, who worked as a manager at a private firm, and Mrs Vijayalakshmi, a teacher at Thevannoor Government Higher Secondary School. Her formative education was at L.P. School, Nedumbana.

Her younger sister, Anju,who has to her credit, a B.Ed. degree and post graduation, is preparing for competitive examinations.

During her school years, Chinchu used to participate in the school's cultural competitions. However,thanks to her parents' advice to prioritize her focus on studies from the fifth to the twelfth grade, since she would daily commute to Vimalahridaya School, Kollam travelling a long distance , she refrained from participating frequently in artistic endeavours.

Upon completing her school education, Chinchu enrolled herself in a degree course at Fathima Matha National College in Kollam.

Chinchu always aspired for securing a fulfilling career. By the time she enrolled to commence her postgraduate studies, she had already been selected to join the State Bank of India , a remarkable achievement secured in her very first attempt.

She joined the Kollam Main Branch of State Bank of India as a Junior Associate in 2009,following which she was transferred to RACPC and then to Kottiyam branch before her elevation to Senior Associate after which she got transferred to Commercial Branch.

In the year 2012 , she got married to Shri Rakesh, a Senior Associate in State Bank of India and a talented banker who has already been featured through this column. Chinchu considers Rakesh's unswerving understanding and constant support as the greatest blessings in her life.

Chinchu acknowledges the support and encouragement she has received from her mother organization. She has been a regular participant in the bank's Sargotsavam cultural events, showcasing her propinquity to art.

Talented Bankers adorns a special place in her heart, akin to her affection for her bank. The opportunity to present the theme song at the Aluva meet is an experience she cherishes deeply.

The subsequent Kollam meet beheld her in the role of a spectator. While the responsibilities of caring for her children have held her back from actively participating in subsequent gatherings, Chinchu eagerly anticipates joining Rakesh in a performance at the upcoming meet, ready to bridge that gap.

For the past two years, Chinchu has imbibed in her, the essence of the world of dance, by training herself alongside her daughter under the tutelage of the renowned dancer Beedhu Das at Rithanya Kalakshetra. She feels exuberant with pride as she recounts her daughter's classical dance debut at the sacred Guruvayur temple on the 21st.

In recent times, Chinchu has garnered considerable attention for her captivating reels on social media, where she and Rakesh brilliantly recreate acting moments from Malayalam movies.

Her family resides in Perayam near Kottiyam in Kollam district and includes her daughter Parvana R. Nair, a sixth-grade student, and her younger son Parthiv R. Nair, who is in LKG.

The TB family affectionately extends heartfelt wishes to Chinchu for ensuring her persistent presence in the realm of acting and reel-making in the times to come.